ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.04.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1.) രാജ്യത്തിന്റെ കായിക മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നതായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

**Modi government is striving to enhance the sporting talent across the country, says External Affairs Minister S. Jaisankar.**

2) കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ഇന്ന് സംസ്ഥാനത്ത്; എറണാകുളം മുനമ്പത്തെ സമര പന്തൽ കേന്ദ്രമന്ത്രി സന്ദർശിക്കും.

**Union Minister for Minority Affairs Kiren Rijiju will visit Munambam protest area in Kerala today.**

3) നേര്യമംഗലത്ത് KSRTC ബസ് താഴ്ചയിലേക്ക് മറിഞ്ഞ് അപകടം. ഒരു മരണം സ്ഥിരീകരിച്ചു. നിരവധിപ്പേർക്ക് പരിക്ക്.

**One death reported in KSRTC bus accident at Neriamangalam. Over 25 passengers were injured.**

4) ഹജ്ജ് തീർത്ഥാടനത്തിന് കേന്ദ്ര സർക്കാർ അതീവ പ്രാധാന്യം നൽകുന്നതായി ന്യൂനപക്ഷകാര്യ മന്ത്രാലയം.

**The Government of India accords high priority for Indian Muslims to undertake the annual Haj pilgrimage, says the Union Ministry of Minority Affairs.**

5) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

**In IPL Cricket, Punjab Kings will take on Kolkata Knight Riders today.**

6) ഹാർവാർഡ് സർവകലാശാലയ്ക്കുള്ള ധനസഹായം മരവിപ്പിച്ച് ട്രംപ് ഭരണകൂടം.

**The US government has frozen the funding of 2.3 billion Dollars to Harvard University after the institution rejected Trump administration's demand to dismantle its diversity, equity, and inclusion programmes.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**HEADLINE-1**

***S JAISHANKAR (INTRO)***

***രാജ്യത്തിന്റെ കായിക മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നതായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഖേലോ ഇന്ത്യ പോലുള്ള ഉദ്യമങ്ങളിലൂടെയും കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും താഴെ തട്ടിലെ ജനങ്ങളിൽ ഉൾപ്പെടെ കായിക അഭിരുചി വർദ്ധിപ്പിക്കുന്നതായും അദ്ദേഹം***

***പറഞ്ഞു. ഗുജറാത്തിലെ രാജ്‌ പിപ്ലയിൽ ചോട്ടുഭായ്‌ പുരാനി സ്പോർട്സ്‌ ക്യാമ്പസ്‌ നാടിന്‌ സമർപ്പിക്കുകയായിരുന്നു ശ്രീ ജയശങ്കർ.***

***(ഹോൾഡ്‌ വോയ്‌സ്‌..........)***

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**HEADLINE-2**

**KIREN RIJIJU**

കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ഇന്ന്‌ എറണാകുളം മുനമ്പത്തെ സമര പന്തലിലെത്തും. വഖഫ്‌ നിയമ ഭേദഗതി പാസായതിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും കേന്ദ്ര സർക്കാരിനും നന്ദി അറിയിക്കാൻ NDA യുടെ നേതൃത്വത്തിൽ സമരസമിതി സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. വരാപ്പുഴ അതിരൂപത ആർച്ച്‌ ബിഷപ്പുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. കൊച്ചി വിമാനത്താവളത്തിൽ അൽപസമയം മുൻപെത്തിയ കേന്ദ്രമന്ത്രിയെ, കേന്ദ്രസഹമന്ത്രി ജോർജ്‌ കുര്യനും, മുതിർന്ന ബിജെപി നേതാക്കളും സ്വീകരിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**ALL PARTY MEETING**

കേരളത്തിൽ, ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗങ്ങൾ നാളെ. രാവിലെ 11.30ന്‌ മതമേലധ്യക്ഷൻമാരുടെ യോഗം നടക്കും. വൈകിട്ട്‌ 3.30നാണ്‌ സർവകക്ഷിയോഗം. രണ്ട്‌ യോഗങ്ങളും ഓൺലൈനായാണ്‌ ചേരുക.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**HEADLINE-4**

**HAJ-QUOTA INCREASED**

ഹജ്ജ്‌ തീർത്ഥാടനത്തിന്‌ കേന്ദ്ര സർക്കാർ അതീവ പ്രാധാന്യമാണ്‌ നൽകുന്നതെന്ന്‌ ന്യൂനപക്ഷ മന്ത്രാലയം. 2025 ലെ ഇന്ത്യയുടെ ഹജ്ജ്‌ ക്വാട്ട ഒരു ലക്ഷത്തി 75,000 മായി വർദ്ധിപ്പിച്ചതായും മന്ത്രാലയം വ്യക്തമാക്കി. 2014 ൽ ഇത്‌ ഒരു ലക്ഷത്തി 36,000 ആയിരുന്നു. ഹജ്ജ്‌ കമ്മിറ്റി ഓഫ്‌ ഇന്ത്യ

ഈ വർഷം ഒരു ലക്ഷത്തി 22,000 പേർക്ക് ഹജ്ജ് തീർത്ഥാടനത്തിനുള്ള ക്രമീകരണങ്ങളാണ് നടത്തുന്നത്. അവശേഷിക്കുന്ന ക്വാട്ട സ്വകാര്യ ടൂർ ഓപ്പറേറ്റർമാർക്ക് അനുവദിച്ചതായും മന്ത്രാലയം വ്യക്തമാക്കി. സൗദി നിബന്ധനകൾ പ്രകാരം, 800 ഓപ്പറേറ്റർമാരെ 26 സംയുക്ത ഹജ്ജ് ഓപ്പറേറ്റർമാരുടെ ഗ്രൂപ്പാക്കി മാറ്റിയാണ് ഇത്തവണ ക്വാട്ട അനുവദിച്ചതെന്നും മന്ത്രാലയം അറിയിച്ചു.

**Shivraj Singh Chouhan**

ബ്രസീലിൽ മറ്റന്നാൾ നടക്കുന്ന 15-മത് ബ്രിക്സ് കൃഷിമന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ പങ്കെടുക്കും. കാർഷിക മേഖലയുടെ സുസ്ഥിര വികസനം സംബന്ധിച്ച ചർച്ചകളാണ് യോഗത്തിൽ നടക്കുക. യോഗത്തിന്റെ പശ്ചാത്തലത്തിൽ, വിവിധ നേതാക്കളുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകളും നടത്തും. ഏക് പേഡ് മാ കേ നാം പ്രചാരണ പരിപാടിയുടെ ഭാഗമായി, ബ്രസീലിയയിലെ ഇന്ത്യൻ എംബസിയിൽ കേന്ദ്രമന്ത്രി വൃക്ഷത്തൈ നടും. ബ്രസീലിലെ ഇന്ത്യൻ പ്രവാസി സമൂഹവുമായും, കാർഷിക മേഖലയിലെ വ്യവസായ പ്രമുഖരുമായും ശ്രീ ചൗഹാൻ സംവദിക്കും .

**RLJ**

എൻഡിഎ സഖ്യം അവസാനിപ്പിച്ച് രാഷ്ട്രീയ ലോക് ശക്തി പാർട്ടി. മുൻ കേന്ദ്ര മന്ത്രിയും ആർഎൽജെപി അധ്യക്ഷനുമായ പശുപതി കുമാർ പരസ് ആണ് ഇക്കാര്യം പ്രഖ്യാപിച്ചത്. R.L.J.P യുടെ മൂല്യങ്ങൾ മനസിലാക്കുകയും, പാർട്ടിയെ ബഹുമാനിക്കുകയും ചെയ്യുന്ന സഖ്യത്തിന്റെ ഭാഗമാകുമെന്നും അദ്ദേഹം പട്നയിൽ വ്യക്തമാക്കി. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന സാഹചര്യത്തിലാണ് ഈ സുപ്രധാന രാഷ്ട്രീയ നീക്കം.

**PM - POILA BAISHAKH**

ബംഗാളി പുതുവത്സരം പോയേലാ ബൈശാഖിൽ ജനങ്ങൾക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പുതുവത്സരം എല്ലാവരുടെയും ആഗ്രഹങ്ങൾ സഫലമാക്കട്ടെ എന്നും ആരോഗ്യവും അഭിവൃദ്ധിയും നൽകട്ടേയെന്നും പ്രധാനമന്ത്രി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**HEADLINE-3**

**IDUKKI ACCIDENT**

കോതമംഗലത്തിനടുത്ത് നേര്യമംഗലം മണിയമ്പാറയിൽ കെ.എസ്.ആർ.ടി.സി ബസ് കൊക്കയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ ഒരു മരണം. മറിഞ്ഞ ബസിനടിയിൽപ്പെട്ട 15 കാരി അനീറ്റയുടെ മരണമാണ് സ്ഥിരീകരിച്ചത്. 25 ഓളം യാത്രക്കാർക്ക് പരിക്കേറ്റു. പരിക്കേറ്റവരുടെ സ്ഥിതി ഗുരുതരമല്ലെന്നാണ് വിവരം. കട്ടപ്പനയിൽ നിന്നും എറണാകുളത്തേക്ക് പോയ ബസാണ് ഡിവൈഡറിൽ ഇടിച്ച് നിയന്ത്രണം തെറ്റി 20-അടി താഴ്ചയിലേക്ക് മറഞ്ഞത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**ELEPHANT ATTACK+AK SASEENDRAN**

തൃശൂർ അതിരപ്പിള്ളിയിൽ കാട്ടാന ആക്രമണത്തിൽ രണ്ടു പേർ മരിച്ചു. വാഴച്ചാൽ സ്വദേശികളായ അംബിക, സതീഷ് എന്നിവരാണ് മരിച്ചത്. അതിരപ്പള്ളി വെള്ളച്ചാട്ടത്തിന് സമീപം വനവിഭവം ശേഖരിക്കാൻ എത്തിയ നാലുപേരുടെ സംഘത്തിലുണ്ടായിരുന്നവരാണ് മരിച്ചത്. ഇന്നലെ മലക്കപ്പാറയിലും കാട്ടാന ആക്രമണത്തിൽ ആദിവാസി യുവാവ് കൊല്ലപ്പെട്ടു.

തൃശ്ശൂർ അതിരപ്പിള്ളിയിലെയും സമീപത്തെയും വനമേഖലയിൽ ഉണ്ടായ മരണങ്ങൾ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് വനം മന്ത്രി എ.കെ ശശീന്ദ്രൻ നിർദേശം നൽകി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**KOLLAM POORAM ഇൻട്രോ**

***കൊല്ലം പൂരവും കുടമാറ്റവും ഇന്ന് വൈകുന്നേരം ആശ്രാമം മൈതാനത്ത് നടക്കും. താമരക്കുളം ശ്രീ മഹാഗണപതിയും, പുതിയകാവ് ഭഗവതിയും മുഖാമുഖം അണിനിരക്കുന്ന പൂരവും കുടമാറ്റവും ആസ്വദിക്കാൻ ആയിരങ്ങളാണ് എത്തുക.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ...............***

***(വോയിസ്)***

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**UP-FIRE**

ഉത്തർപ്രദേശിലെ ലോക്ബന്ധു ആശുപത്രിയിലുണ്ടായ തീപിടിത്തത്തെ തുടർന്ന് 200-ഓളം രോഗികളെ മറ്റൊരിടത്തേക്ക് മാറ്റി. ക്രിട്ടിക്കൽ കെയർ വിഭാഗത്തിൽ ഇന്നലെ രാത്രിയായിരുന്നു തീപിടിത്തം. രോഗികൾക്ക് തുടർ ആരോഗ്യ സേവനങ്ങൾ എത്രയും വേഗം ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് നിർദേശിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**ED - ROBERT VADRA**

ഹരിയാന ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മുതിർന്ന കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്രയെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ചോദ്യം ചെയ്യുന്നു. ഗുരുഗ്രാമിൽ വാദ്രയുടെ കമ്പനി ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടാണ് കേസ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**REV. BENGAL WAQF PROTEST**

വഖഫ് ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് മുർഷിദാബാദിൽ നടക്കുന്ന അക്രമസംഭവങ്ങളിൽ പശ്ചിമബംഗാൾ ഗവർണർ സി വി

ആനന്ദബോസ് ഇടപെടണമെന്ന് ആവശ്യപ്പെട്ട് ബിജെപി. സംഘർഷം കോടതി മേൽനോട്ടത്തിൽ പ്രത്യേക സംഘം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഹർജിയും നൽകിയിട്ടുണ്ട്. വഖഫ് ഭേദഗതി പശ്ചിമബംഗാളിൽ നടപ്പാക്കില്ലെന്ന മുഖ്യമന്ത്രി മമതാ ബാനർജിയുടെ നിലപാടിനെയും ബിജെപി രൂക്ഷമായി വിമർശിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**NHEA**

നാഷണൽ ഹൈവേ എക്സലൻസ് അവാർഡ്സ് 2023 ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. രാജ്യത്തുടനീളമുള്ള ദേശീയപാതകളുടെ വികസനം , നൂതന രീതികളുടെ പ്രോത്സാഹനം, ഹൈവേ നിർമാണത്തിലെ മികവിനെ അംഗീകരിക്കൽ തുടങ്ങിയവ മുൻനിർത്തിയാണ് പുരസ്കാരം .

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**HEADLINE-5**

**IPL CRICKET**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. മൊഹാലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് കളിയാരംഭിക്കുക. ഇന്നലെ നടന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയൻറ്സിനെ, ചെന്നൈ സൂപ്പർ കിംഗ്സ് അഞ്ചുവിക്കറ്റിന് പരാജയപ്പെടുത്തി. സീസണിലെ തുടർച്ചയായ അഞ്ചുതോൽവികൾക്ക് ശേഷമാണ് ചെന്നൈ വിജയവഴിയിലേക്ക് തിരിച്ചെത്തിയത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**HEADLINE-6**

**TRUMP-HARVARD**

ഹാർവാർഡ് സർവകലാശാലയ്ക്കുള്ള ധനസഹായം മരവിപ്പിച്ച് ട്രംപ് ഭരണകൂടം. വൈവിധ്യം, തുല്യത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സർവകാലാശാല നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ നിർത്തിവക്കണമെന്നാണ് ഭരണകൂടത്തിന്റെ ആവശ്യം. ഭരണ, നിയമന രീതികൾ, അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട് യുഎസ് വിദ്യാഭ്യാസ

വകുപ്പ് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ സർവകലാശാല നിരസിച്ചതിന് പിന്നാലെയാണ് നടപടി. സർവകലാശാലയിൽ എന്ത് പഠിപ്പിക്കണം, ആരെ നിയമിക്കണം തുടങ്ങിയ കാര്യങ്ങളിൽ ഭരണകൂടം ഇടപെടേണ്ടതില്ലെന്ന് ഹാർവാർഡ് പ്രസിഡന്റ് അലൻ ഗാർബർ പ്രതികരിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**NASA – NEELA RAJENDRA**

യുഎസ് ബഹിരാകാശ ഏജൻസി നാസയുടെ ഡൈവേഴ്സിറ്റി, ഇക്വിറ്റി ആൻഡ് ഇൻക്ലൂഷൻ മേധാവിയും ഇന്ത്യൻ വംശജയുമായ നീല രാജേന്ദ്രയെ പിരിച്ചുവിട്ടു. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നിർദ്ദേശത്തെ തുടർന്നാണ് നടപടി. പൊതുപണം പാഴാക്കൽ ഉൾപ്പെടെയുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഡിഇഐ സംരംഭങ്ങൾ നിർത്തലാക്കാൻ ട്രംപ് എക്സിക്യൂട്ടീവ് ഓർഡർ നൽകിയത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,670 പോയിന്റ് നേട്ടത്തിൽ 76,827 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 512 പോയിന്റ് ഉയർന്ന് 23,340 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു.ഗ്രാമിന് 35 രൂപ താഴ്ന്ന് 8,720 രൂപയും ,പവന് 280 രൂപ കുറഞ്ഞ് 69,760 രൂപയുമാണ് ഇന്നത്തെ വില.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**IMD HEATWAVE**

രാജസ്ഥാനിലെയും ഗുജറാത്തിലെയും ഒറ്റപ്പെട്ട ഇടങ്ങളിൽ അടുത്ത മൂന്ന് ദിവസങ്ങളിൽ ഉഷ്ണതരംഗ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പഞ്ചാബ്, ഹരിയാന, പടിഞ്ഞാറൻ മധ്യപ്രദേശ് എന്നിവിടങ്ങളിലും സമാന സ്ഥിതി തുടരും.

बहुजनहिताय बहुजनसुखाय
आकाशवाणी